**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **09-10-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലകളിൽ സൗരോർജ്ജ തൂക്കുവേലിയും ആനപ്രതിരോധ കിടങ്ങും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയ്ഞ്ചിൽ നബാർഡ്, ആർ. കെ. വി. വൈ. പദ്ധതികളിൽ ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലികളും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയ്ഞ്ചിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എരുമേലി റെയിഞ്ചിൽ 18.8 കി.മീ ദൂരത്തിൽ 219.49 ലക്ഷം രൂപ ചെലവിൽ സൗരോർജ്ജ തൂക്കുവേലിയും 1.5 കി.മീ ദൂരത്തിൽ 33.75 ലക്ഷം രൂപ ചെലവിൽ സൗരോർജ്ജ തൂക്കുവേലിയും 1.5 കി.മീ ദൂരത്തിൽ 33.75 ലക്ഷം രൂപ ചെലവിൽ ആനപ്രതിരോധ കിടങ്ങും നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>കൂടാതെ RKVY പദ്ധതിയിൽ എരുമേലി റെയിഞ്ചിൽ 18.95 കി.മീ ദൂരത്തിൽ 152.51 ലക്ഷം രൂപ ചെലവിലും സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് അനുമതി നൽകിയതിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>RKVY പദ്ധതിയിൽ എരുമേലി റെയിഞ്ചിൽ മമ്പാടി-പാക്കാനം ഭാഗത്ത് 1.5 കി.മീ ദൂരത്തിൽ 37.50 ലക്ഷം രൂപ ചെലവിൽ ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുന്നതിന് ടെണ്ടർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം– 1

സൗരോർജ്ജ തൂക്കുവേലി

| സ്ഥലം | ദൂരം (കി.മീ) | ചെലവ് ( ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| അഴുതക്കടവ് കാളകെട്ടി മുതൽ 116 വരെ | 4.8 | 58.52 | കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കണ്ടക്കയം മുതൽ മതമ്പ ഏരിയ വരെ | 14 | 160.97 | |
| ആകെ | 18.8 | 219.49 | |

ആനപ്രതിരോധ കിടങ്ങ്

| സ്ഥലം | ദൂരം (കി.മീ) | ചെലവ് ( ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| കണ്ണാട്ടുകവല മുതൻ പന്നിവെട്ടുംപാറ ഭാഗം | 0.5 | 11.25 | കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കോരുത്തോട് കൊമ്പുകുത്തി ട്രൈബൽ സെറ്റൽ മെന്റ് ഭാഗം | 1 | 22.50 | |
| ആകെ | 1.5 | 33.75 | |

അനുബന്ധം- 2

| സ്ഥലം | ദൂരം (കി.മീ) | ചെലവ് ( ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| മഞ്ഞളരുവി മുതൽ മന്പാടി വരെ | 6 | 48.31 | നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കോയിക്കകാവ്- പായസപ്പടി | 9.25 | 74.40 | |
| മഞ്ഞളരുവി- പാക്കാനം വരെ | 3.7 | 29.80 | |
| ആകെ | 18.95 | 152.51 | |